# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ എറണാകുളം ജില്ല

പ്രവചന കാലയളവ് 06.7.2022 മുതൽ 10.7.2022 വരെ

**കേരള കാർഷിക സർവ്വകലാശാല**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,**
**അഗ്രികൾച്ചർ കോളേജ്, വെള്ളാനിക്കരയും**
**ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 27/2022,(53) ചൊവ്വാഴ്ച | തീയ്യതി: 05/7/2022 |
|---|---|

## 1. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 06.07.2022 | 07.07.2022 | 08.07.2022 | 09.07.2022 | 10.07.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 23 | 20 | 22 | 11 | 10 |
| ഉയർന്ന താപനില (°C) | 29 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 88 | 88 | 88 | 88 | 88 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 6 | 6 | 6 | 6 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 290 | 270 | 270 | 290 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |

**അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 ജൂലൈ 06 | 2022 ജൂലൈ 07 | 2022 ജൂലൈ 08 | 2022 ജൂലൈ 09 | 2022 ജൂലൈ 10 |
|---|---|---|---|---|
| സാമാന്യം ഭേദപ്പെട്ട മഴ | സാമാന്യം ഭേദപ്പെട്ട മഴ | സാമാന്യം ഭേദപ്പെട്ട മഴ | നേരിയ മഴ | നേരിയ മഴ |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ആദ്യത്തെ മൂന്നു ദിവസങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

## 2: വിള പരിപാലനത്തിനുള്ള കാർഷിക നിർദ്ദേശങ്ങൾ (RRS Vyttila)

3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദ്ദേശങ്ങൾ:** കാലവർഷം ആയതിനാൽ താഴ്ന്ന പ്രദേശങ്ങളിൽ നീർവാർച്ചാ സൗകര്യങ്ങൾ ഉറപ്പു വരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. **മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക.**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പൊക്കാളി) | പരിപാലനം | ആമ, എലി, നെല്ലിക്കോഴി എന്നിവയുടെ ആക്രമണത്തിനെതിരെയുള്ള തയ്യാറെടുപ്പുകൾ സ്വീകരിക്കാവുന്നതാണ്. |
| നെല്ല് (വിരിപ്പ്) | പോള ചീയൽ / ഇലപ്പുള്ളി രോഗം | ഇലപ്പുള്ളി രോഗം തടയുന്നതിനായി നെൽവിത്ത് വിതക്കുന്നതിനു മുമ്പേ സ്യൂഡോമോണാസ് ലായനിയിൽ (10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചത്) മുക്കി വെക്കാവുന്നതാണ്. പറിച്ചു നടുമ്പോൾ നെൽച്ചെടികളുടെ വേരുകൾ സ്യൂഡോമോണാസ് ലായനിയിൽ (10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചത്) മുക്കി വെക്കാവുന്നതാണ്. |
| പയറ് | കരിവള്ളിക്കേട് | പയറിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി %1ബോർഡോമിശ്രിതം കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| ജാതി | ഇലപൊഴിച്ചിൽ | മുൻകരുതലായി ഒരു ശതമാനം ബോർമിശ്രിതം തളിക്കാം |
| മത്സ്യകൃഷി | മത്സ്യ കൃഷിക്കുവേണ്ടി കുളങ്ങൾ തയ്യാറാക്കേണ്ട സമയമാണിത്. കുളങ്ങൾ വറ്റിച്ച് കുമ്മായമിടാവുന്നതാണ്. വറ്റിക്കാൻ പ്രയാസമുള്ള കുളങ്ങളിൽ തേയില പിണ്ണാക്കും മഹുവ പിണ്ണാക്കും ഉപയോഗിച്ച് കള മത്സ്യങ്ങളെ നീക്കം ചെയ്യേണ്ടതാണ്. | |